കേരള കാർഷിക സർവ്വകലാശാല
കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
സദാനന്ദപുരം.പി.ഒ, കൊട്ടാരക്കര, കൊല്ലം
ഫോൺ 0474 2663535
ഇ മെയിൽ-:fsrskottarakkara@kau.in

നമ്പർ : എഫ്.എസ് (4)479/2021(ii)

തീയതി: 22/03/2021

## റീടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലേക്ക് ഈ വർഷത്തേയ്ക്ക് ആവശ്യമായുള്ള 12000 ത്തോളം പ്ലാവിൻ തൈകൾ ബഡ് ചെയ്ത് നല്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ടെൻഡറുകൾ ക്ഷണിച്ച് കൊള്ളുന്നു.

ടെൻഡറുകൾ നിരക്ക് പ്രത്യേകം രേഖപ്പെടുത്തി മുദ്രവെച്ച കവറിൽ **" പ്ലാവിൻ തൈകൾ ബഡ് ചെയ്ത് നല്കുന്നതിനുള്ള ടെൻഡർ"** എന്ന് രേഖപ്പെടുത്തി പ്രൊഫസർ & ഹെഡ്, എഫ്. എസ്.ആർ.എസ് സദാനന്ദപുരത്തിന് 30.03.2021 ന് 2 പി. എം ന് മുൻപ് ലഭിക്കേണ്ടതാണ് അന്നേ ദിവസം 2.30 മണിയ്ക്ക് ടെൻഡറുകൾ തുറക്കുന്നതാണ്. ടി ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ, തൊട്ടടുത്ത ദിവസം തുറക്കുന്നതാണ്. ടെൻഡറിനൊപ്പം താഴെപറയുന്ന ആധികാരികരേഖകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

1. നിശ്ചിത ടെൻഡർ ഫോമിൽ നിരക്ക് രേഖപ്പെടുത്തിയിരിക്കണം. ടെൻഡർ ഫോം http://www.kau.in/tenders പോർട്ടലിൽ ലഭ്യമാണ്.
2. ടെൻഡർ നിബന്ധനകൾ അംഗീകരിക്കുന്ന കണ്ടീഷൻസ് (അനുബന്ധമായി ചേർത്തിട്ടുള്ളതാണ്) ഒപ്പ് വച്ച് സമർപ്പിക്കണം
3. ടെൻഡർ ഫോം ഫീസ്, 105 രൂപയും EMD 2000/- രൂപയും പ്രൊഫസ്സർ & ഹെഡിന്റെ പേരിൽ SBI പുലമൺ ശാഖയിൽ ഓൺലൈനായോ (A/c. No. 57022977874) ഓഫീസിൽ നേരിട്ടോ ഒടുക്കിയതിന്റെ രസീത്
4. വ്യക്തിയുടെ തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പ്

ടെൻഡറിൽ കുറവ് തുക രേഖപ്പെടുത്തിയ വ്യക്തിയുടേയോ /സ്ഥാപനത്തിന്റെ പേർക്ക് ടെൻഡർ ഉചിതമെന്ന് കണ്ടാൽ ഉറപ്പിയ്ക്കുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
പ്രൊഫസർ & ഹെഡിനു വേണ്ടി

Administrative Assistant
Farming Systems Research Station
Sadanandapuram-691531

നോട്ടീസ് ബോർഡ് 1, 2/ ഫാം മാനേജർ/
വില്ലേജ് ഓഫീസ്, വെട്ടിക്കവല/ പഞ്ചായത്ത് ഓഫീസ്, വെട്ടിക്കവല

## ടെൻഡറിന്റെ നിബന്ധനകൾ

<u>നിബന്ധനകൾ</u>

1. മൂലകാണ്ഡസസ്യങ്ങൾ(rootstock) ഈ സ്റ്റേഷനിൽ നിന്നും നല്കുന്നതാണ്
2. ബഡ് ചെയ്യുന്നതിനാവശ്യമായ ഒട്ടുകമ്പ് സ്റ്റേഷനിലെ പ്ലാവിൽ നിന്നും ശേഖരിക്കേണ്ടതും, ഗവേഷണ കേന്ദ്രത്തിൽ വച്ച് ബഡിങ്ങ് നടത്തേണ്ടതുമാണ്.
3. ബഡ് തൈകളുടെ പരിചരണം 3–4 ഇല പ്രായം വരെ (വളപ്രയോഗം, സസ്യസംരക്ഷണം, നന) ക്വട്ടേഷൻ നല്കുന്നവരുടെ ചുമതലയിലാണ് നിർവഹിക്കേണ്ടത്. ജലസേചനത്തിന് ആവശ്യമായ ജലം, പൈപ്പുകൾ, തുടങ്ങിയവ സ്റ്റേഷനിൽ നിന്നും നല്കുന്നതാണ്.
4. 3–4 ഇല പ്രായമായ വില്പനയ്ക്ക് സാധ്യമായ തരത്തിലുള്ള ബഡ് തൈകളാണ് സ്റ്റേഷന് കൈമാറേണ്ടത്.
5. മേൽപ്പറഞ്ഞ ജോലിക്ക് **തൈ ഒന്നിന് ഏറ്റവും കുറഞ്ഞ നിരക്ക്** രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിയുടെയോ/സ്ഥാപനത്തിന്റെയോ ക്വട്ടേഷൻ തൃപ്തികരമെന്ന് തോന്നിയാൽ മാത്രം ഉറപ്പിച്ചു നല്കുന്നതായിരിക്കും.
6. ക്വട്ടേഷൻ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിക്കാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
7. ക്വട്ടേഷൻ ലഭിയ്ക്കുന്ന വ്യക്തി 5000/– രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. കാലാവധിക്ക് ശേഷം പലിശ രഹിതമായി തിരികെ നല്കുന്നതാണ്. ആവശ്യമായത്രയും ബഡ് തൈകളുടെ 25 ശതമാനം ബഡ് തൈകൾ, ഉല്പ്പാദിപ്പിച്ചു നല്കുന്ന മുറയ്ക്ക് പ്രതിഫലം നല്കുന്നതാണ്.
8. കരാറുകാരനിൽനിന്നോ, ഏജന്റിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ യൂണിവേഴ്സിറ്റി വക മറ്റ് വസ്തു വകകൾക്ക് ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ ഫാം മാനേജർ നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരൻ ഉടനെ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഫാം മാനേജരുടെ ടി തീരുമാനം അന്തിമമായിരിക്കുന്നതും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
9. ഏതെങ്കിലും കാരണവശാൽ കരാർ ഉപേക്ഷിച്ചുപോകുന്ന പക്ഷം യൂണിവേഴ്സിറ്റി പുനർ ടെൻഡർ നടത്തുന്നതും ഇതുമൂലം യൂണിവേഴ്സിറ്റിയ്ക്കുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നും ഈടാക്കുന്നതുമാണ്.
10. യൂണിവേഴ്സിറ്റിയിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ ടെൻഡറിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
11. ടെൻഡർ സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ നടത്തിപ്പിലോ എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം പ്രൊഫസർ & ഹെഡ്, എഫ്.എസ്.ആർ.എസ്, സദാനന്ദപുരം അതിൽ തീർപ്പ് കല്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.
12. കരാർ നിയമപ്രകാരം യൂണിവേഴ്സിറ്റിക്കും കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി കൊല്ലത്തുള്ള കോടതികളിൽ നിക്ഷിപ്തമായിരിക്കും.
13. ടെൻഡറിൽ പങ്കെടുക്കുന്നവർ ടെൻഡറിൽ പങ്കെടുക്കുന്ന സമയത്തും കരാർ വയ്ക്കുന്നതിനായി വരുമ്പോഴും ഐഡന്റിറ്റി പ്രൂഫായി ആധാർകാർഡ്, പാൻ കാർഡ് എന്നിവ കൊണ്ടുവരേണ്ടതുമാണ്.
14. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി ടി അവകാശം മറ്റൊരാൾക്കും കൈമാറ്റം ചെയ്യാനോ മറിച്ചു നൽകാനോ പാടുള്ളതല്ല.
15. ഇരുപത്തിയൊന്നു വയസ്സിൽ താഴെയുള്ളവർക്കും, ഇൻഡ്യൻ പൗരത്വമില്ലാത്തവർക്കും ടെൻഡറിൽ പങ്കെടുക്കുവാൻ അർഹതയില്ല. ഇന്ത്യൻ കരാർ വ്യവസ്ഥപ്രകാരം കരാർ ഒപ്പിടുവാൻ അർഹതയില്ലാത്തവരേയും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല.
16. ടി – വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്
17. ടെൻഡർ ഫോം ഫീസ്, 105 രൂപയും EMD 2000/– രൂപയും പ്രൊഫസ്സർ & ഹെഡിന്റെ പേരിൽ SBI പുലമൺ ശാഖയിൽ ഓൺലൈനായോ (A/c. No. 57022977874) നേരിട്ട് ഓഫീസിലോ ഒടുക്കണം.

18. ദർഘാസ്സുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 30.03.2021 2.00 PM വരെയാണ്. 2.30 PM മണിയ്ക്ക് ടെൻഡറുകൾ തുറക്കുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
പ്രൊഫസർ & ഹെഡിനു വേണ്ടി
കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം,
കേരള കാർഷിക സർവ്വകലാശാല

Administrative Assistant
Farming Systems Research Station
Sadanandapuram-691531

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ് :

പേര് :

തപാൽ മേൽ വിലാസം :

കേരള കാർഷിക സർവ്വകലാശാല സദാനന്ദപുരത്തെ കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലേയ്ക്ക് പ്ലാവിൻ തൈകൾ ബഡ് ചെയ്ത് നല്കുന്നതിനുള്ള കരാറിന്റെ ദർഘാസ് വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

പേര്

തപാൽ മേൽ വിലാസം

കര

വില്ലേജ്

താലൂക്ക്

ജില്ല

പിൻ കോഡ്

ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)

ലാന്റ് നമ്പർ :

മൊബൈൽ നമ്പർ :

ഒപ്പ്